# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## LMS LPS

## പൂവത്തൂർ

# ആമുഖം

2025-2026 അധ്യയന വർഷം കുഞ്ഞുങ്ങളുടെ മാനസികവും ശാരീരികവും ആയ വികാസത്തിനൊപ്പം പഠനവും രസകരമാക്കുന്ന പഠന പ്രവർത്തനങ്ങൾ ഈ വർഷം നടപ്പിലാക്കും. ഭാഷാവികാസം, വൈജ്ഞാനികം, സർഗാത്മകം, വൈകാരികം, സാമൂഹികം തുടങ്ങിയ വികാസമേഖലകളിലെ വിടവുകൾ പരിഹരിച്ചുകൊണ്ട് മുഴുവൻ കുട്ടികളെയും മിടുക്കി മിടുക്കന്മാരായി തീർക്കുന്നതിന് പുതിയ അധ്യയന വർഷം ഊന്നൽ നൽകേണ്ടതുണ്ട്. ഓരോ ക്ലാസിലും വ്യത്യസ്തങ്ങളായ പ്രവർത്തന പാക്കേജുകളാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പാക്കേജുകളിലൂടെ കുട്ടികളുടെ പഠനം സന്തോഷപ്രദവും രസകരവുമാക്കാൻ കഴിയും എന്ന ലക്ഷ്യത്തോടെയാണ് സ്കൂൾ തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

2025 - 2026
Std: I

# മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സർവ്വ വികാസമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ പുതിയ പുസ്തകങ്ങളിലൂടെ ഭാഷയിലും ഗണിതത്തിലും കൂടുതൽ ശാരീരിക മാനസിക ഉല്ലാസത്തിലും അവബോധം ഉണ്ടാക്കാനും സമൂഹത്തിൽ ആദ്യസ്ഥ വിദ്യരായി മാറുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ സാധ്യമാകുന്നതാണ്. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ക്ലാസ് തലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും എഴുത്തിലും വായനയിലും മികച്ചവരാക്കുക.
* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യരചനകൾ, കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുവാൻ കഴിവുള്ളവരാക്കുക
* ലിപി തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ ലഘു വാക്യങ്ങളിൽ എഴുതുന്നു വായിക്കുന്നു.
* പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തി എടുക്കുന്നു
*

# രചനോത്സവം

കുട്ടികളുടെ ആശയ പ്രകാശനത്തിന് അവരുടെ സ്വാഭാവികമായ രചനാ പ്രവർത്തനങ്ങൾ അവരുടെ ... മാണ്. കുട്ടികളുടെ ഭാവനയെ ഉണർത്തി രചനയിലേക്ക് നയിക്കാനും. രചനകളിലൂടെ മറ്റുള്ളവരുടെ സൃഷ്ടികൾ വായിക്കുന്നതിനും കുട്ടികളിൽ താല്പര്യം ഉദിക്കുന്നു. സർഗ്ഗാത്മക രചനകളിലേക്ക് കുട്ടികളെ തിരിക്കാനും ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിയും

## ലക്ഷ്യങ്ങൾ

- കുട്ടികളിലെ സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിന്
- സ്വതന്ത്ര രചനയ്ക്ക്
- ആകർഷകമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കാൻ
- രചനകൾ പൊതുവിൽ പങ്ക് വയ്ക്കാൻ

## പ്രവർത്തന ഘട്ടങ്ങൾ

- രക്ഷിതാക്കൾക്കായി രചനോത്സവ ശില്പശാല
- ഭാവന ഉണർത്തുന്ന ചിത്രങ്ങൾ തെരഞ്ഞെടുക്കൽ
- ഓരോ ആഴ്ചയിലും ഒന്ന് വീതം എല്ലാ കുട്ടികൾക്കും ലഭ്യമാക്കൽ
- കുട്ടികൾക്ക് സർഗ്ഗാത്മക രചനയിലേർപ്പെടാൻ അവസരം
- ആദ്യം രക്ഷിതാക്കളുടെ സഹായത്തോടെ രചനയിലേർപ്പെടൽ

ജൂൺ

- കളികളിലൂടെ ചിത്രവായന
- വിവിധ ചിത്രങ്ങൾ കാണിച്ച് ചിത്രം നിറം നൽകൽ
- ചിത്രകാർഡുകൾ, വായന കാർഡ് നിർമ്മാണം ശില്പശാല
- കേട്ട കഥകളിലെ ആശയങ്ങൾ മറ്റുള്ളവരുമായി പങ്ക് വയ്ക്കൽ

ജൂലൈ

- അക്ഷരപ്പാട്ടുകൾ പാടാൻ അവസരം
- കേട്ട കഥയിലെ ആശയങ്ങൾ പറയുന്നു
- ചിത്രവായന നടത്തി ആശയം വാചികമായി പങ്കുവയ്ക്കുന്നു
- ഡിജിറ്റൽ സാധ്യതകളിലൂടെ കഥ കേൾക്കാനും കാണാനും അവസരം ഒരുക്കുന്നു.

ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി ഒരുക്കുന്നു.
- ലളിതമായ പാട്ടുകൾ ഈണത്തിൽ പാടുന്നു
- ചിത്രവായന കാർഡുകൾ തയ്യാറാക്കൽ
- ആവർത്തിച്ചുവരുന്ന പദങ്ങൾ കണ്ടെത്തി വട്ടം വരയ്ക്കുന്നു.
- ചിത്രവായന

പാട്ടരങ്ങ്

ജൂൺ - മാർച്ച്

ഭാഷാ പഠനവുമായി ബന്ധപ്പെട്ട് പാട്ടുകൾക്ക് വളരെ പ്രാധാന്യമുണ്ട്. താളാത്മകമായ ഭാഷാ ആശയാവതരണരീതിക്ക് ഭാഷാ പഠനത്തെ സ്വാധീനിക്കുന്ന കുട്ടികളിലെ താളബോധ വികാസത്തിന് പാഠ്യപദ്ധതി ഊന്നൽ നൽകുന്നു. പഠനം ആസ്വാദ്യകരമാക്കാൻ സഹായിക്കുന്ന പാട്ടുകൾ പരിചയപ്പെടുന്നതിനും യാതൊരുവിധ സങ്കോചവും കൂടാതെ പൊതുവേദികളിൽ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരമൊരുക്കുന്ന പാട്ടരങ്ങ് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനമാണ്

പ്രവർത്തന ഘട്ടങ്ങൾ

പരിഷ്കരിച്ച പാഠ്യപദ്ധതിപ്രകാരം പാട്ടുമായി ബന്ധപ്പെട്ട പഠനലക്ഷ്യങ്ങൾ ഭാഷാവികാസ മേഖലയിലും സർഗാത്മക സൗന്ദര്യാത്മക മേഖലയിലും ഉണ്ട്

- താളത്തിനനുസരിച്ച് ശരീരചലനങ്ങളിലൂടെ ആകർഷകമായി ചൊല്ലുന്നു
- ചെറുസദസ്സുകളിൽ പാട്ടുകൾ ചെറുസംഘമായും ഒറ്റയ്ക്കും അവതരിപ്പിക്കുന്നു
- ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണത്തിലും താളത്തിലും ഏറ്റുചൊല്ലുന്നു
- പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തോടെയും ഈണത്തിലും ചൊല്ലുന്നു.

• പാടി പഠിച്ച പാട്ടുകൾ കൂട്ടുകാർക്ക് ഷെയർ ചെയ്യുന്ന തരത്തിൽ താളവും ഈണവും പാലിച്ചു കൊണ്ട് പാടിക്കൊടുക്കുന്നു

## സംയുക്ത ഡയറി

ജൂൺ - മാർച്ച്

ലക്ഷ്യങ്ങൾ

• കുട്ടികളുടെ സ്വതന്ത്ര രചനാശേഷി വർദ്ധിപ്പിക്കുക
• പരിചയപ്പെട്ട അക്ഷരങ്ങൾ പുതിയ രചനാസന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരമൊരുക്കുക
• കുട്ടികളുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്ര സഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക

പ്രവർത്തനഘട്ടങ്ങൾ

• ഡയറി എഴുതുന്നതിന് ഓരോ കുട്ടിക്കും ചെറിയ ഒരു നോട്ട് ബുക്ക് ഉറപ്പാക്കൽ
• ഡയറി എഴുത്തു മൂലമുണ്ടാകുന്ന ഭാഷാപരമായ മുന്നേറ്റം വ്യക്തമാക്കൽ
• ഡയറിയിൽ ഗുണാത്മക കുറിപ്പുകൾ എഴുതൽ
• എല്ലാ ദിവസവും ടീച്ചർ ഡയറി പരിശോധിക്കും.
• സംയുക്ത ഡയറിയിലെ പുരോഗതി അധ്യാപിക വിലയിരുത്തും

വായനാവസന്തം

വായനാവസന്തത്തിന്റെ ഭാഗമായി സംയുക്ത വായനയിൽ ഉടങ്ങി ബാലസാഹിത്യ കൃതികളുടെ വായനയിൽ അവസാനിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു

ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തക ശേഖരം ഉണ്ടാക്കുക.
* രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുക.
* എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക
* കുട്ടികളിൽ ആശയഗ്രഹണ വായന പ്രോത്സാഹിപ്പിക്കുക.
* കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതുസമൂഹവുമായി പങ്കിടുക.

പ്രവർത്തന ഘട്ടങ്ങൾ

ജൂൺ - ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ
- ക്ലാസ് PTA കൂടുന്നു.

ജൂലൈ - പുസ്തകം ഓരോ കുട്ടിക്കും നൽകുന്നു
- അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസിൽ പറയുന്നു.

ആഗസ്റ്റ് / നവംബർ
- കുട്ടി ചിത്രം നോക്കി കഥ പറയുന്നു
- അമ്മ കഥ വായിക്കുന്നു. ബാക്കി കഥാസന്ദർഭ ചിത്രം നോക്കി കുട്ടി ഊഹിച്ച് പറയുന്നു.
- രണ്ട്, മൂന്ന് തവണ കുട്ടി വായിക്കുന്നു
- ആശയം ഉൾക്കൊണ്ട് കുട്ടി കഥ അവതരിപ്പിക്കുന്നു

ഡിസംബർ - ഫെബ്രുവരി

- പുസ്തകം നോക്കി കുട്ടി തനിയെ വായിക്കാൻ ശ്രമിക്കുന്നു.
- രണ്ട് മൂന്ന് തവണ ഒരേ പുസ്തകം വായിക്കുന്നു.
- കഥയുടെ ആശയം കുട്ടി താനെ വായിച്ചു പറയുന്നു
- പഠനോത്സവത്തിൽ രചനകൾ വായിക്കൽ / കഥ അവതരണം

മാർച്ച് - കഥോത്സവം
CPTA യിൽ അവതരണം.

ഏപ്രിൽ-മെയ് - വായനയ്ക്ക് അവധിയില്ല.
അവധികാലത്ത് കുട്ടികൾക്ക് വായനയ്ക്ക് പുസ്തകം നൽകുന്നു.

# നിർമ്മാണം

പ്രവർത്തി പരിചയവും ഭാഷയും ഉദ്ഗ്രഥിച്ചുള്ള പ്രവർത്തനമാണിത്.

ലക്ഷ്യങ്ങൾ

* പരിസ്ഥിതി സൗഹാർദമായ കളിയുപകരണങ്ങൾ പരിചയപ്പെടുന്നു.
* പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങളാക്കി മാറ്റുക
* കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുക.

പ്രവർത്തന ഘട്ടങ്ങൾ

* CPTA യിൽ കളിപ്പാട്ട നിർമ്മാണത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തൽ.
* എല്ലാ ആഴ്ചയിലും ഓരോ പീരിയഡ് work Experience ന് ആയി മാറ്റിവയ്ക്കാൻ
* എല്ലാ കുട്ടികളെയും പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൾ പരിചയപ്പെടുത്തൽ.
* മുതിർന്നവരുടെ സഹായത്തോടെ കളിപ്പാട്ടങ്ങൾ നിർമ്മിക്കൽ
* നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം.

ഗണിതം

ലക്ഷ്യങ്ങൾ

- ഗണിത പഠനം കുട്ടികൾക്ക് ആസ്വാദ്യകരമായ വിഷയം ആക്കി തീർക്കാൻ
- ഗണിതത്തിലെ കുട്ടികൾക്കുണ്ടാകുന്ന പിന്നോക്ക അവസ്ഥ പരിഹരിക്കാൻ
- വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.
- സംഖ്യാബോധം, സങ്കലനം, വ്യവകലനം, സംഖ്യാ വ്യാഖ്യാനം തുടങ്ങിയ പഠനനേട്ടം ലക്ഷ്യം വച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾക്കു മുൻതൂക്കം

പ്രവർത്തനങ്ങൾ

ഗണിതകേളികൾ

ക്ലാസ്മുറിയിൽ കുട്ടികൾക്കായി രസകരമായ നിരവധി ഗണിതകേളികൾ നടത്തുന്നു. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി ജൂൺ മാസം മുതൽ മാർച്ച് മാസം വരെ തുടരുന്നു

മഞ്ചാടി സഞ്ചി

രക്ഷിതാക്കളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും മഞ്ചാടി സഞ്ചി.. മഞ്ചാടി സഞ്ചിയുടെ ഉപയോഗം പ്രാധാന്യം ഇവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു മഞ്ചാടി സഞ്ചിയിലേക്ക് ആവശ്യ

മായ വസ്തുക്കൾ ശേഖരിക്കാൻ രക്ഷിതാക്ക
ക്കും കുട്ടികൾക്കും നിർദ്ദേശം നൽകുന്നു
മഞ്ചാടി സമ്പി ഇതിനെല ഇന്ന് മാർച്ച് മാ
നടപ്പിലാകുന്നു.
എന്റെ ഇന്നു പ്രവർത്തനം sweet maths.
എല്ലാ കുട്ടികളും sweet maths ഫലപ്രദമായി
class മുറികളിൽ പ്രയോജനപ്പെടുത്തുന്നു

ഗണിതം.

ജൂൺ

- രൂപങ്ങൾ തിരിച്ചറിയുന്നു.
- സംഖ്യകൾ എണ്ണി എടുക്കുന്നു

ജൂലൈ, ആഗസ്റ്റ്

- സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു
- സംഖ്യാകാർഡ് നിർമ്മിക്കാൻ
- കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം എണ്ണി എടുക്കുന്നു

ആഗസ്റ്റ്

- കുറയ്ക്കുക എന്ന ആശയം തിരിച്ചറിയുന്നു
- '0' തിരിച്ചറിയുന്നു.
- ഗണിത പഠനത്തിന് സഹായകരമായ ഗണിതകിറ്റ് തയ്യാറാക്കുന്നു

സെപ്തംബർ

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
- കൂട്ടൽ, കുറവ് തിരിച്ചറിയൽ
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

ഒക്ടോബർ, നവംബർ

- സംഖ്യാ വ്യാഖ്യാനം
- സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
- ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകളിൽ ഏർപ്പെടൽ
- ഒന്ന് ഒന്നിനോട് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന് തിരിച്ചറിയുന്നു

ഡിസംബർ

- 20 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കൽ
- ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ
- സംഖ്യകൾ ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതൽ

ജനുവരി

- 20ന് താഴെയുള്ള സംഖ്യകളുടെ വ്യവകലന ക്രിയ ഉൾപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നു
- 20ന് താഴെയുള്ള സംഖ്യകളുടെ വ്യാഖ്യാനം

ഫെബ്രുവരി

- രണ്ടക്ക സംഖ്യയും ഒറ്റക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനം

ച്ച്

- ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടൽ
- പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു
- ക്രിയകൾ ഉചിതമായി പ്രയോഗിക്കുന്നു

English

Objectives.

- All learners get interested in English learning.
- All engage in games and group level activities.
- Listen to narratives & teachers talk and show signs of understanding verbally.
- Able to comprehend the istructions of the teacher and respond accordingly
- Familiarise with English words denoting vehicles, animals and birds.
- All learners are able to associate the elicited text ~~an~~ with those in the text book
- Familiarise with words denoting Prossessions (has/ have)
- Familiarise with phatic communication expressions Such as.
- Hello, I'm sorry, Thank you, Bye etc
- Able to describe familiar to acts orally physical attributes Such as size colour etc
- Familiarise with words denoting colours and numbers.
- Familiarise with the rhythm and patten of songs.

- Able to add own lines to given song by substituting words / phrases.
- Able to read conversations, Song & Simple descriptions graphically.
- Construct dialogues related to specific contexts using fragmentary expression or mixed with the mother tongue.

Activities.

- Engaging learnes in activities by playing games like Simon Say, red light, green light or Duck, duck, Goose' with an English twist to ~~kep~~ keep them engaged
- Helping learnes listen and understand by reading short stories
- Familiaxing learnes with vocabulary (vehicles, animals, birds) by showing pictures and having students match them wit the correct English words
- Helping learners associate text with textbook by Providing text and images from their text books and asking them to match them correctly.
- Familiarizing learnes with the rhythm and Patterns of song s by using clapping patterns to help students follow along with simple songs and ~~rhytheose~~ rhymes

- Helping learners add lines to song by taking a fimiliar song and encouraging students to replace words or phrases with their own ideas
- Helping learners construct dialogues by providing scenarces and having student construct dialogues using simple sentences an expressions, mixing with their mother tongue if necessary for understanding.

By implementing these activities. I will help grno std-1 students achieve their English learning objectives in an engaging and effective way.

EVS.

ലക്ഷ്യങ്ങൾ

- കുട്ടികളിൽ ശാസ്ത്രീയ അറിവ് വളർത്തിയെടുക്കുക
- തന്റെ പരിസരവുമായി ഇണങ്ങി ചേർന്ന് പഠിക്കുന്നതിന്
- ശാസ്ത്രബോധം വളർത്തിയെടുക്കാൻ
- കുട്ടികൾ ശാസ്ത്രീയ വശങ്ങൾ മനസ്സിലാക്കി നിരീക്ഷണങ്ങളിലൂടെ പരീക്ഷണങ്ങളും കണ്ടെത്തലുകളും നടത്തി സ്വന്തമായി നിഗമനങ്ങൾ രൂപപ്പെടുത്തുന്നു

പ്രവർത്തന ഘട്ടങ്ങൾ

പ്രകൃതി നടത്തം നിരീക്ഷണങ്ങൾ

(മരങ്ങൾ, പൂക്കൾ, ചെടികൾ, പക്ഷികൾ)

(ജൈവ ശേഖരണം)

പരിസ്ഥിതി നാശങ്ങൾ അവലോകിക്കൽ

അടുക്കള തോട്ട നിർമ്മാണം

ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ

ജൂൺ

- പ്രകൃതി നടത്തം
- പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം
- വൃക്ഷതൈ നടൽ

ജൂലൈ

- വിവിധതരം നാടൻ വസ്തുക്കൾ ശേഖരിക്കുക
- ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു
- സ്കൂൾ പച്ചക്കറി തോട്ട നിർമ്മാണം

ആഗസ്റ്റ്

- വിത്ത് മുളയ്ക്കുന്നതിന്റെ വളർച്ചാഘട്ടങ്ങൾ നിരീക്ഷിക്കൽ
- ചെടികൾ തിരിച്ചറിയുന്നതിന് പ്രത്യേകത പറയൽ

സെപ്റ്റംബർ

- ചുറ്റുപാടുമുള്ള ചെടികൾ നിരീക്ഷിച്ച് ആഹാരയോഗ്യമായവ ഭാഗം ഉപയോഗിക്കുന്നതും കണ്ടെത്തൽ
- മരങ്ങൾ, ചെടികൾ വ്യത്യാസം തിരിച്ചറിയുന്നു.

ഒക്ടോബർ, നവംബർ

- പലതരം ചെടികൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
- ചെടികളുടെ വേര്, തണ്ട്, ഇല, പൂവ് തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു വിശദമാക്കുന്നു
- പൂക്കളുടെ സാദൃശ്യ വ്യത്യാസങ്ങൾ കണ്ടെത്തൽ നിറത്തിന്റെ അടിസ്ഥാനത്തിൽ

ഡിസംബർ

- ചെടികൾ എന്തൊക്കെ നട്ടാൽ ഉണ്ടാകുന്നതെന്ന് തിരിച്ചറിയൽ
- ചെറിയ പൂക്കൾ/ വലിയ പൂക്കൾ, മണമുള്ളത് / മണമില്ലാത്തത്, നിറമുള്ളത്/ നിറമില്ലാത്തത്, ഇവയുടെ എണ്ണം തിരിച്ചറിയൽ, രാത്രിയിൽ വിരിയുന്ന പൂക്കൾ എന്നിങ്ങനെ കണ്ടെത്തി പട്ടികപ്പെടുത്തൽ

ജനുവരി, ഫെബ്രുവരി

- ആഹാരത്തിനാവശ്യമായി ഉപയോഗിക്കുന്ന ചെടികൾ/ അല്ലാത്തവ കണ്ടെത്തുന്നു
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ

മാർച്ച്

- ചെടികളുടെ വ്യക്തമായ ധാരണ ഉണ്ടാക്കാൻ കഴിയുന്നു.
- ചുറ്റുപാടുമുള്ള ചെടികളെ കുറിച്ചുള്ള വ്യക്തമായ ധാരണ ഉണ്ടാക്കാൻ കഴിയുന്നു
- വിലയിരുത്തൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് = 2

### ആമുഖം

2025 - 2026 വർഷത്തിൽ കുട്ടികൾക്ക് നൽകേണ്ട പ്രവർത്തനങ്ങൾ കുട്ടികൾ നേടിയ പ്രവർത്തനങ്ങളുടെ അനുപൂരകമായി നൽകേണ്ടതുണ്ട്. ഭാഷാ വികസനവും വൈജ്ഞാനിക മേഖലയും സർഗാത്മക മേഖലയും വൈകാരിക മേഖലയും ഉന്നിലവാരത്തിലേക്കുയർത്താൻ പാഠത്തിലൂടെ മാസ്റ്റർ പ്ലാൻ ആണ് ക്ലാസ്‌തലത്തിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ ക്രിയാത്മക വളർച്ചയ്ക്കുതകുന്ന തരത്തിൽ വിവിധ പ്രവർത്തനങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസം ലക്ഷ്യമാക്കിക്കൊണ്ടാണ് ഈ വർഷം പ്രവർത്തിക്കുന്നത്.

# ലക്ഷ്യങ്ങൾ

- ഓരോ കുട്ടിക്കും സന്ദർഭാനുസരണം സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- ആശയ ഗ്രഹണ വായന ഉറപ്പാക്കുന്നതിനും ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നതിനും കഴിവുള്ള കുട്ടികളാക്കി മാറ്റുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിന് ഉൾപ്പെട്ടുകൊണ്ട് വ്യക്തിഗത പതിപ്പുകൾ മാഗസിനുകൾ എന്നിവ തയ്യാറാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുക.
- കുട്ടികളിലെ സർഗാത്മകത വളർത്തുന്നതിന് ശ്രദ്ധ ചെലുത്തി അത്തരം പ്രവർത്തനങ്ങൾക്ക് അവതരണ വേദി ഒരുക്കി നൽകുക.
- ചുറ്റുപാടുകൾ നിരീക്ഷിക്കുന്നതിനും പ്രകൃതിയുമായി ചേർന്ന് നിന്നുകൊണ്ട് പരീക്ഷണങ്ങൾക്കും നിരീക്ഷണങ്ങൾക്കും അവസരം നൽകുക.
- 100 വരെയുള്ള സംഖ്യാബോധം കുട്ടികളിൽ വളർത്തുന്നതിനും വ്യാഖ്യാനിക്കുന്നതിനും കുട്ടികളിൽ ശേഷി വളർത്തുക.

=> ആശയങ്ങൾ മനസിലാക്കുന്നു.

=> വിവിധ അനുഭവങ്ങൾ മനസിലാക്കുന്നതിനും അവ സന്ദർഭാനുസരണം പ്രയോഗിക്കുന്നതിനുമുള്ള ശേഷി വളർത്തുന്നു.

=> കുട്ടി വസിക്കുന്ന ചുറ്റുപാട് സാഹചര്യങ്ങൾ തൊഴിൽ മേഖലകൾ എന്നിവ മനസിലാക്കുന്നതി-നുള്ള സാഹചര്യം സൃഷ്ടിക്കുന്നു.

=> പ്രകൃതി സംരക്ഷണത്തിനും ജന്തുജാലങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനും ഉതകുന്ന തരത്തിൽ അവബോധം ലഭ്യമാക്കുന്നു.

=> സത്പ്രവൃത്തികൾക്കും സാമൂഹിക നന്മകൾക്കും മൂല്യങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു തലമുറയെ സൃഷ്ടിക്കുന്നു.

=> രൂപങ്ങൾ മനസിലാക്കുക.

=> വിവിധ അളവുകൾ മനസിലാക്കുന്നതിനും അവ സന്ദർഭാനുസരണം പ്രയോഗിക്കുന്നതിനുമുള്ള ശേഷി വളർത്തുക.

=> കുട്ടി വസിക്കുന്ന ചുറ്റുപാട് സാഹചര്യങ്ങൾ തൊഴിൽ മേഖലകൾ എന്നിവ മനസിലാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.

=> പ്രകൃതി സംരക്ഷണത്തിനും ജന്തുജാലങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനും ഉതകുന്ന തരത്തിൽ അവബോധം ലഭ്യമാക്കുക.

=> സൽപ്രവൃത്തികൾക്കും സാമൂഹിക നന്മകൾക്കും മൂല്യങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു തലമുറയെ സൃഷ്ടിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം |
|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ലേഖന മികവ്. | i) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചന ക്യാമ്പുകൾ<br>ii) ലഘു പതിപ്പുകൾ തയ്യാറാക്കൽ | ജൂൺ ജൂലൈ |
| സർഗാത്മകതയെ തട്ടിയുണർത്താം. | i) രചനാ ശില്പശാല കഥ, കവിത രചന കളരി വേദിയൊരുക്കൽ. | ജൂലൈ ആഗസ്റ്റ്. |
| ഓരോ കുട്ടിക്കും സന്ദർഭാനുസരണം സ്വന്തം ഭാഷയിൽ എഴുതാനും പറയാനും അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുക. ശേഷി വളർത്തുക. | * ചിത്ര കാർഡ് നിർമ്മാണം (ചിത്രങ്ങളും പദങ്ങളും)<br>* മേനി പറച്ചിൽ<br>* കഥ ഊതിച്ചു പറയൽ<br>* കഥ പൂർത്തിയാക്കൽ (പറയൽ എഴുതൽ)<br>* ചിത്ര വായന<br>* ഭാഷണത്തിനും വായനക്കും പൊതുവേദി. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം |
|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ. | Let's talk... ചോദ്യോത്തരങ്ങളുമായി സംവദിക്കൽ<br>English ബാലസഭ.<br>English Assembly one day english | മൂന്ന് മാസത്തിൽ മൂന്ന്<br>ആഴ്ചയിൽ മൂന്ന്. |
| ഗണിത ചിന്താശേഷി വളർത്താൻ | ഒരു ദിനം ഒരു ചോദ്യം<br>ശാസ്ത്രജ്ഞന്മാരെയും ഗണിത പസിലുകളും പരിചയപ്പെടൽ)<br>ഗണിത ക്ലബ്ബ് (ഗണിത കളികളിലൂടെ) | ആഴ്ചയിൽ ഒന്ന്<br>മാസത്തിൽ ഒന്ന് |
| 100 വരെയുള്ള സംഖ്യാബോധം കുട്ടികളിൽ വളർത്തുന്നതിനും വ്യാഖ്യാനിക്കുന്നതിനും കുട്ടികളിൽ | * PTA അംഗങ്ങളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും ഗണിതകിറ്റ് ഉറപ്പാക്കുന്നു. | |

| | | |
|---|---|---|
| ശേഷി വളർത്തുക. | * ഉല്ലാസ ഗണിതത്തിലെ പഠന സാമഗ്രികൾ സമഗ്ര സാധ്യതകൾ കുട്ടികളുടെ സഹായത്തോടെ ഗണിത കിറ്റിലേക്ക് നൽകുന്നു.<br>* ടൈ ഔട്ട് ശില്പശാല നടത്തുന്നു.<br>* ഗണിത കളികൾ. | |
| രൂപങ്ങൾ മനസ്സിലാക്കൽ | * വിവിധ രൂപങ്ങൾ കുട്ടികളെ പരിചയപ്പെടുത്തൽ<br>* അവ ഗണിതത്തിൽ ഉൾപ്പെടുത്തൽ.<br>* വിവിധ രൂപങ്ങൾ ഉണ്ടാക്കൽ. | |
| വിവിധ അളവുകൾ മനസിലാക്കുന്നതിനും അവ സന്ദർഭാനുസരണം പ്രയോഗിക്കുന്നതിനുള്ള സാമർത്ഥ്യം സൃഷ്ടിക്കുക. | * വിവിധ അളവുകൾ മനസിലാക്കൽ<br>* ലിറ്റർ, കിലോഗ്രാം, ഇവയുടെ വ്യത്യാസം ഉപയോഗം മനസിലാക്കുക. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം |
| --- | --- | --- |
| * ശുചിത്വമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചന മത്സരങ്ങൾ അവതരണം | ജൂൺ ജൂലൈ. |
| * പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാഴ്ച ബംഗ്ലാവിലേക്ക് കാണാ കാഴ്ചകൾ | സെപ്റ്റംബർ ഡിസംബർ |
| * നാടറിയാൻ — നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം. | ജനുവരി. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ.

## ക്ലാസ് : 3

### ആമുഖം

കുട്ടികളുടെ മാനസികവും ശാരീരികവും ആയ വികസനത്തിനും മലയാളഭാഷ പഠനം രസകരവും വിജ്ഞാനപ്രദവും ആക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പഠനം നടക്കേണ്ടതാണ്. മാതൃഭാഷ ചിന്തയിലും പഠനത്തിന്റെ എന്ന നിലയിലും മാധ്യമം എന്ന ബോധനത്തിന്റെയും നിലയിലും മലയാളഭാഷയ്ക്കും പ്രാധാന്യമുണ്ട്. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങളുടെ നൽകുന്ന ശേഷികൾ, മൂല്യങ്ങൾ ഉളവായി അറിവ്, എന്നിവ രൂപപ്പെടുന്നു.

ലക്ഷ്യങ്ങൾ :-

- മലയാളത്തിലും ഇംഗ്ലീഷിലും ഉയർന്ന ആശയഗ്രഹണത്തോടെ കുട്ടികൾക്കു വായിക്കാനും എഴുതാനും കഴിയുന്നു.
- ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവരെ ശീലിക്കുന്നതിനും കഴിവുള്ളവരാക്കുക.
- സഹജീവി സ്നേഹം, അറിവ്, ആർദ്രത എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കി മാറ്റുക.
- ഗണിത പഠനം ഉല്ലാസപ്രദവും രസകരമാക്കുന്നതിനുള്ള ശേഷികൾ.
- ആത്മവിശ്വാസത്തോടെ പൊതുസദസ്സുകളെ അഭിമുഖീകരിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനം | മാസം |
| --- | --- | --- |
| വായന<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസേന വായിക്കൽ | • പ്രീടെസ്റ്റ്<br>• ചിത്രകാർഡ് നിർമ്മാണം<br>• വായനാ കാർഡുകൾ തയ്യാറാക്കൽ<br>• ചിത്ര കാർഡ് നിർമ്മാണം (ചിത്രവും പദങ്ങളും ഉൾക്കൊണ്ടത്)<br>• മേനിപറച്ചിൽ (അവധിക്കാല അനുഭവങ്ങൾ പങ്കുവെയ്ക്കൽ)<br>• കഥ ഊഹിച്ച് പറയൽ | ജൂൺ - ജൂലൈ. |
| ലേഖനം<br>വിവിധവ്യവഹാരരൂപങ്ങൾ ആസ്വദിക്കുവാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക - അക്ഷര | • റോൾ പ്ലേ<br>• സംഭാഷണം തയ്യാറാക്കൽ<br>• കഥ പൂർത്തിയാക്കൽ<br>• ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ<br>• ക്ലാസ് ലൈബ്രറി തയ്യാറാക്കൽ<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വ്യവഹാരരൂപ | |

| | | |
|---|---|---|
| തെറ്റ് കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ. | ങ്ങളിൽ രചനകൾ നടത്തുക.<br>• ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം.<br>• വായിച്ച കഥയെ ചിത്രകഥകളാക്കൽ<br>• കഥയെ സംഭാഷണമാക്കൽ<br>• കുറിപ്പ് തയ്യാറാക്കൽ | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| | • വിദ്യാലൈബ്രറി എന്ന ആശയം സാക്ഷാത്ക്കരിക്കാനുള്ള പ്രവർത്തനങ്ങൾ.<br>• ലഘുനാടകങ്ങൾ<br>• പതിപ്പ് തയ്യാറാക്കൽ<br>• പഴഞ്ചൊല്ല് ശേഖരണം<br>• ചിത്രം വരയ്ക്കൽ<br>• കടങ്കഥാ ശേഖരണം. | നവംബർ<br>–<br>ഡിസംബർ |

| | |
|---|---|
| കവിത - ഈണം കണ്ടെത്തൽ<br>രക്ഷിതാക്കളുടെ സഹായത്തോടെ<br>കവിത, കഥ നിർമ്മിക്കൽ<br>അവതരിപ്പിക്കൽ<br>• കൃഷിപ്പതിപ്പ് തയ്യാറാക്കൽ<br>• ആശംസാ കാർഡ് നിർമ്മാണം. | ജനുവരി<br>ഫെബ്രുവരി |
| അസംബ്ലിയിൽ രചനകൾ അവതരിപ്പിക്കാനുള്ള അവസരങ്ങൾ നൽകുന്നു.<br>കവിതാ പാരായണ മത്സരങ്ങൾ<br>ലൈബ്രറിബുക്ക് പരിശോധിക്കൽ<br>സ്വന്തമായി കഥകൾ, കവിതകൾ രചിച്ച് അവതരിപ്പിക്കൽ | മാർച്ച് |

# Accademic maslei plan class-3

## English.

### Aim

To speak Read & write English with out any mistakes.

**Time:** June to March

### Pre test

To check the vocabulary and writing skills of pupils

### June and july

To develop listening skills and reading skills.

**Listening skills.**

1. Games, Action Songs Hello english activities.

2. Conversation, Skit, Stories use ICT

Speaking skills

1. Identify the naming words from the picture
2. Identify the action words from the same picture.
3. Make simple sentences using the action word and naming words about the picture.
4. Make symbol description about the picture.
5. Growing sentences picture reading Self introduction assembly are also conducted.

Activities :- speech, book review, Quiz, riddles, Self introduction, School radio

## August and September

Develop the Creative speaking and writing.

Reading skills

1. News paper reading, library book reading. book review, reading breaking News.
2. Find words
3. Collect and read past tense
4. rhyming words
5. describing words etc.
6. text book activities.

Writing skills.

1. Make word web
2. picture descriptions with describing words
3. word chain sentence chain
4. Make words and sentences
5. Make riddles, Conversations
6. add more lines.

## October and November

To express thoughts feelings etc...

### Reading skill

1. News paper reading, library book reading, book, review reading.
2. Conversations, skits, stories use etc
3. Reads breaking news.
4. develop story
5. Read notice.

### Writing skills

1. description
2. Notice proclamation
3. Thought.

Activities: speech, Quiz, riddle, school radio, skits etc..

## December and January.

1. To develop the Creative speaking and writing.

2. To express thoughts feelings etc...

Reading skill.

News paper reading, library books reading book review, reading.

2. Conversations, skill, Stories. use ICT materials.

3. Reads breaking news.

4. Develop story.

5. Reads Diary.

writing skills.

1. diary
2. letter
3. Announcement.

Activities :- speech, Quiz, riddles, class room post office.

# February and March.

To improve the presentation power.

## Reading skill

1. News paper reading, library books reading, book review, reading
2. Conversations, skit, stories use ICT materials.
3. Reads breaking News.
4. develop story.
5. Reads story.

## Writing Skills.

- diary
- letter
- Announcement
- description.
- Notice.

Activities: Speech, Quiz, riddles, skit, class room post office.

അക്കാദമിക് മാസ്റ്റർ പ്ലാൻ - ക്ലാസ് 3

## പരിസരപഠനം.

ലക്ഷ്യം: പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

• ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| മാസം | പ്രവർത്തനം. |
|---|---|
| ജൂൺ - ഒക്ടോബർ | **പ്രകൃതിനടത്തം.**<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുക.<br>• പ്രത്യേകതകൾ മനസ്സിലാക്കാം<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം.<br>• ജീവികളുടെ പരസ്പരാശ്രയം - ചർച്ച.<br>• നമുക്കു ചുറ്റുമുള്ള [illegible] അനുഭവിച്ചറിയാം (ഫീൽഡ് ട്രിപ്പ്). |

| | |
|---|---|
| | പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ (ഡോക്യുമെന്ററി പ്രദർശനം) <br> • ചർച്ച [illegible] |
| 2. ജൂൺ - മാർച്ച് | പൂന്തോട്ടം ഒരുക്കാം <br> സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ <br> • വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ |
| 3. ജൂൺ - മാർച്ച് | ഒരു തൈ നടാം <br> • പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ <br> • നട്ട വൃക്ഷത്തൈ പരിപാലിക്കൽ |
| 4. ജൂൺ | പോസ്റ്റർ നിർമ്മാണം. |
| 5. മാർച്ച് - മെയ് | ദാഹജലം <br> പൂന്തോട്ടത്തിൽ വേനൽ കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം |

ലക്ഷ്യം : 2

കുട്ടികളെ വ്യക്തിശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| Sl No | മാസം | പ്രവർത്തനം |
|---|---|---|
| | ജൂൺ - മാർച്ച് | ദിനകൃത്യങ്ങൾ. ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു. കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തേയും പരിശോധന ഓരോ ഗ്രൂപ്പിന് നൽകുന്നു. |
| 2. | ജൂലൈ - മാർച്ച് | നമ്പർ വൺ. ക്ലാസ് തലത്തിൽ ശുചിത്വ മത്സരം. വ്യക്തി ശുചിത്വം ക്ലാസ് റൂം പരിസരശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. |

| | |
|---|---|
| ജൂൺ - ഡിസംബർ | പരിസരനടത്തം<br>• നമ്മുടെ പരിസരത്തെ മലിനീകരണം പ്രശ്നം അടുത്തറിയാം - സർവ്വേ<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തൽ.<br>• പരിസ്ഥിതിസംരക്ഷണ പ്രതിജ്ഞ. |
| 4. ജൂലൈ - മാർച്ച് | നല്ല ശീലം.<br>• പോസ്റ്ററുകൾ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ |

ലക്ഷ്യം : 3 ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| മാസം. | പ്രവർത്തനം |
|---|---|
| ജനുവരി - മാർച്ച് | ഫീൽഡ് ട്രിപ്പ്<br>നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയാനായി field Trip സംഘടിപ്പിക്കുന്നു<br>(കുളം, വയൽ, കാട് etc.) |

| | | |
|---|---|---|
| 2. | ഡിസംബർ - ഫെബ്രുവരി | പരീക്ഷണങ്ങൾ<br>ശാസ്ത്രജ്ഞാനം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| 3. | ഡിസംബർ - ഫെബ്രുവരി | • ശാസ്ത്രജ്ഞനോടൊപ്പം<br>– ക്ലാസ്.<br>• മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു |
| 4. | ജനുവരി- മാർച്ച് | • പക്ഷിനിരീക്ഷണം.<br>• ക്ലാസ്<br>• പക്ഷിനിരീക്ഷണത്തിന് അവസരം. |

## അക്കാദമിക് മാസ്റ്റർ പ്ലാൻ Class: 3

## ഗണിതം.

### ആമുഖം:

മൂന്നാം ക്ലാസിലെ കുട്ടി ഒന്നാം ഒന്ന്, രണ്ട് ക്ലാസിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടും ശേഷികളുടെ കടന്നുവരുന്നത്. ആയതിനാൽ കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. ഭാഷ, പരിസരപഠനം, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മപദ്ധതി ആകല്പന ചെയ്യേണ്ടത് കുട്ടികളിൽ താല്പര്യവും ഗണിതലോകവു ഉണ്ടാക്കാൻ ഈ ഉദ്യമം വിദ്യാലയ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടതുണ്ട്.

### ലക്ഷ്യങ്ങൾ:

ഗണിതപഠനം ഉല്ലാസപ്രദവും ആനന്ദ

കരവുലത്തി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക.

- മുഴുവൻ കുട്ടികളെയും ഗണിതപ്രശ്ന പരിഹരണ ശേഷിയുള്ളവരാക്കുക.
- കലാകായിക പ്രവൃത്തി പഠനാശയങ്ങൾ മറ്റ് വിഷയങ്ങളുമായി ഉൾച്ചേർത്തുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിലൂടെ മുഴുവൻ കുട്ടികളെയും ഭാഷയിലെയും പരിസര പഠനത്തിലെയും പഠന നേട്ടങ്ങൾ പൂർണ്ണമായും കാര്യക്ഷമമായും നേടിയവരാക്കുക.
- മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികളും അക്ഷരശുദ്ധിയോടെ വായിക്കാനും എഴുതാനും കഴിവുള്ളവരാകുന്നു.
- ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾ, തിരിച്ചറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക.

• എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചു കൊണ്ട് പഠന പ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗസമത്വം ഉറപ്പിനിൽ, സമത്വം ഉറപ്പാക്കുന്ന

ലക്ഷ്യം

3 അക്കസംഖ്യകൾ കൈകാര്യം ചെയ്യാൻ അറിയുക.

പഠന പ്രവർത്തനങ്ങൾ:

ജൂൺ:

1. രണ്ടക്ക സംഖ്യകൾ വായിക്കാനും എഴുതാനും വേണ്ട പ്രവർത്തനങ്ങൾ,
2. രണ്ടക്ക സംഖ്യകളെ വിവിധ രീതിയിൽ വ്യാഖ്യാനിക്കൽ
3. രണ്ടക്ക സംഖ്യകൾ ഉപയോഗിച്ചുള്ള സങ്കലന വ്യവകലന ക്രിയകൾ.

ജൂലൈ

1. പട്ടിക പൂർത്തിയാക്കൽ

• മൂന്നക്കസംഖ്യകളുടെ വ്യാഖ്യാനം 100 - 200

• 100 വീതം കൂട്ടി 1000 വരെ എഴുതുന്നു.

ആഗസ്റ്റ്

• ഒരു ഗുണന സംഖ്യയുടെ ഗുണനഫല സംഖ്യ എഴുതൽ.

• ഗണിത വിജയ പ്രവർത്തനങ്ങൾ സജ്ജമാക്കൽ.

സെപ്റ്റംബർ :-

ഗണിത ശിൽപശാല, മഞ്ചാടി, ഈർക്കിൽ എന്നിവ ഉപയോഗിച്ച് ഗുണനസംഖ്യകളുടെ

• സ്ഥാനവില pocket.

ഒക്ടോബർ

• 3 അക്ക സംഖ്യകൾ വ്യാഖ്യാനിക്കുന്നു.

• ഗണിത വിജയ പ്രവർത്തനങ്ങൾ സാധ്യമാക്കൽ.

• കൂടുതൽ ഗണിതതന്ത്രങ്ങൾ ഉപയോഗിക്കൽ

• ഗണിത ആശയരൂപീകരണങ്ങൾ സാധ്യത – നടത്തുന്നു.

നവംബർ:

- 3 അക്ക സംഖ്യകൾ (ആബാക്കസ്, കളിനോട്ട്) സ്ഥാനവിലയിൽ അറിവ് വർദ്ധിപ്പിക്കൽ

ഡിസംബർ:

- അക്കങ്ങൾ ആവർത്തിക്കാതെ വ്യത്യസ്ത 3 അക്ക സംഖ്യകൾ ഉണ്ടാക്കൽ
- കളിനോട്ടുകളുടെ ഉപയോഗം കൂടുതൽ ഉപകാരപ്പെടുത്തൽ.

ജനുവരി:

- സംഖ്യാ കൂട്ടങ്ങളിൽ നിന്ന് വലിയസംഖ്യ ചെറിയ സംഖ്യ എന്നിവ കണ്ടെത്തുന്നു.
- ഗണിത കളികളിൽ ഏർപ്പെടുന്നു.
- ചതുഷ്ക്രിയ പ്രവർത്തനങ്ങൾ ഉറപ്പാക്കൽ

ഫെബ്രുവരി:

3 അക്കസംഖ്യകൾ ആരോഹണ - അവരോഹണക്രമത്തിൽ എഴുതുന്നു. ഉണ്ണിലിവാര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## LMS LPS പൂവത്തൂർ

## STD -4

### ആമുഖം

2025 - 26 അധ്യയന വർഷത്തിൽ നാലാം ക്ലാസിലെ കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയുടെ രൂപരേഖയാണിത്. വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക, ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

## പൊതു തത്വങ്ങൾ.

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

## മധുരം മലയാളം (ഭാഷാ പഠനം).

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് |
| --- | --- | --- |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | * ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | വർഷം മുഴുവൻ |
| വായിക്കാം വളരാം. | വായനാശേഷി വളർത്തൽ | വർഷം മുഴുവൻ |
| എഴുതാം തെളിയാം. | എഴുത്ത് പരിപോഷിപ്പിക്കൽ. | വർഷം മുഴുവൻ |
| എഴുത്തുകാരുമായി സംവദിക്കൽ. | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം |
| കണ്ടറിയാം കേട്ടറിയാം. | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ ICT | പ്രതിവാരം. |
| കലക്കൂട്ട് പ്രാദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിൽ മൂന്ന്. |

## വിരിയുന്ന ചിന്തകൾ (English പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് |
|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനും ശേഷി വർദ്ധിപ്പിക്കൽ. | ആഴ്ചയിൽ ഒരു ദിവസം. (വർഷം മുഴുവൻ) |
| ഇംഗ്ലീഷ് ഡയറി. | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | വർഷം മുഴുവൻ. |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മക രചനാശേഷി വികസനം. | വർഷത്തിൽ 1. |
| ഇംഗ്ലീഷ് കോർണർ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ. | വായനാ പരിപോഷണം. | വർഷം മുഴുവൻ. |
| ഇംഗ്ലീഷ് ഫെസ്റ്റ്. വായനാ മത്സരം, രചനാ മത്സരം, മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ കുട്ടികളിൽ ആത്മവിശ്വാസം വളർത്തൽ. | വർഷത്തിൽ ഒരിക്കൽ. |

കളിക്കാം ..... ഗണിക്കാം..... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ്. |
|---|---|---|
| ഗണിത ചുവർ | ഗണിത ആശയങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ |
| ഗണിത മേള പ്രശ്നോത്തരി, പസിൽ, പാറ്റേൺ പഠന ഉൽപ്പന്നങ്ങ-ളുടെ പ്രദർശനം. | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിന്റെ അന്ത്യം. |
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ. [ഒന്നിലും പന്തും ഡയസ് കളി, സങ്കലനം, വ്യവകലനം, കച്ചവട കളികൾ) | ഗണിത പഠനം രസകരമാക്കൽ. (ചതുഷ്ക്രിയകൾ ഉറപ്പിക്കൽ) | വർഷം മുഴുവൻ. |
| ഒറിഗാമി രൂപങ്ങ-ളുടെ നിർമ്മാണം പഠനം, പ്രദർശനം. | ഗണിത പഠനം സുഗമമാക്കൽ. ഗണിത ശാസ്ത്രപഠ-നം രസകരമാക്കൽ. കര ചലന ശേഷി വികാസം. | വർഷം മുഴുവൻ |

അറിയാം ...... അടുത്തറിയാം. (പരിസര പഠനം)

| പ്രവർത്തനം. | ലക്ഷ്യം | കാലയളവ്. |
|---|---|---|
| പ്രകൃതി നടത്തം<br>പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | നിരീക്ഷണം - അറിവ് നിർമ്മാണം. | ആവശ്യാനുസരണം. |
| ശാസ്ത്ര മൂല.<br>ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ.<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | ശാസ്ത്ര പഠനം ലളിതമാക്കൽ രസകരമാക്കൽ. | വർഷം മുഴുവൻ |
| ശാസ്ത്ര വിസ്മയ ചുമർ.<br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ശാസ്ത്ര പഠനം രസകരമാക്കൽ | ആവശ്യാനുസരണം. |
| ഭൂപടമൊരുക്കൽ. | ഭൂപട വായന, ഭൂപട രചന, സൂചിക പരിചയപ്പെടൽ, സൂചിക നിർമ്മാണം. | വർഷത്തിലുടനീളം. |